<u>**15 -ാം കേരള നിയമസഭ**</u>

<u>**8 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4606**</u> <u>**13-03-2023 - ൽ മറുപടിയ്ക്ക്**</u>

<u>**കരിന്തളം ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | കരിന്തളം ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിന്റെ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ? | (എ) | കാസറഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് താലൂക്കിൽ കരിന്തളം വില്ലേജിൽ സർവ്വേ നമ്പർ Rs.N. 89/1 ൽ ഉൾപ്പെട്ട 10 ഏക്കർ ഭൂമി സ്പോർട്സ് ഇം.എം.ആർ.എസ് സ്ഥാപിക്കുന്നതിനായി റവന്യൂ വകുപ്പിൽ നിന്നും വിട്ടു നല്കിയിട്ടുണ്ട്. അക്കാഡമിക് ബ്ലോക്ക്, ഹോസ്റ്റൽ ബ്ലോക്ക്, ട്രാക്ക്, മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നിവ നിർമ്മിക്കുന്നതിനായി 40,05,35,658/-രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ ആദ്യഘട്ട നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള ലിമിറ്റഡ് ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ